ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:12-07-2024

## പ്രധാനവാർത്തകൾ

1. കേരളത്തിന്റെ വികസനയാത്രയിൽ പുത്തൻ അധ്യായം തീർത്ത് വിഴിഞ്ഞം തുറമുഖം ; വിഴിഞ്ഞത്തെത്തിയ ആദ്യ മദർഷിപ്പിന് ഊഷ്മള സ്വീകരണം ; തുറമുഖത്തിന്റെ ട്രയൽ ഓപ്പറേഷനും ഇന്ന് തുടക്കമായി.

2. 2028-ഓടെ വിഴിഞ്ഞം സമ്പൂർണ്ണ തുറമുഖമായി മാറുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ; ലോകോത്തര നിലവാരത്തിലുള്ള തുറമുഖമാക്കി വിഴിഞ്ഞത്തെ മാറ്റാനുള്ള സംസ്ഥാന സർക്കാരിന്റെ പരിശ്രമങ്ങളെ അഭിനന്ദിച്ച് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ.

3. ഇന്ത്യയിലെ ആദ്യത്തെ രാജ്യാന്തര ജനറേറ്റീവ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കോൺക്ലേവിന് കൊച്ചിയിൽ സമാപനം.

4. അടിയന്തരാവസ്ഥയുടെ വാർഷികദിനമായ ജൂൺ 25 സംവിധാൻ ഹത്യാ ദിവസായി ആചരിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചു.

5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൊതു ആവശ്യ ഫണ്ടിലേക്ക് 421 കോടി രൂപ കൂടി അനുവദിച്ച് ധനവകുപ്പ്.

PNU TVPM

## 6. സംസ്ഥാനത്ത് വ്യാപകമഴയ്ക്ക് സാധ്യത ; പത്തനംതിട്ട, കോട്ടയം, കണ്ണൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

*******************************

### വിഴിഞ്ഞം

കേരളത്തിൻറെ വികസനയാത്രയിൽ പുത്തൻ അധ്യായം തീർത്ത് വിഴിഞ്ഞം തുറമുഖം. വിഴിഞ്ഞത്തെത്തിയ ആദ്യ മദർഷിപ്പിന് മുഖ്യമന്ത്രി പിണറായി വിജയൻറെയും, കേന്ദ്രമന്ത്രി സർബാനന്ദ സോനോവാളിൻറെയും നേതൃത്വത്തിൽ ഔദ്യോഗിക സ്വീകരണം നൽകി. തുറമുഖത്തിൻറെ ട്രയൽ ഓപ്പറേഷൻറെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചു. രാജ്യത്തിന് അഭിമാനകരമായ മുഹൂർത്തമാണിതെന്ന് പറഞ്ഞ മുഖ്യമന്ത്രി മദർപോർട്ട് എന്ന നിലയിൽ വിഴിഞ്ഞത്തെ സുസജ്ജമാക്കുമെന്നും അറിയിച്ചു. ലോകത്തിലെ തന്നെ ഏറ്റവും വലിയ കപ്പലുകൾക്ക് ബർത്തുചെയ്യാൻ കഴിയുന്ന വിധത്തിലുള്ള തുറമുഖമാണിതെന്നും അദ്ദേഹം പറഞ്ഞു. 2028-ഓടെ സമ്പൂർണ്ണ തുറമുഖമായി വിഴിഞ്ഞം മാറുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ലോകോത്തര നിലവാരത്തിലുള്ള തുറമുഖമായി വിഴിഞ്ഞത്തെ മാറ്റാൻ കേരള സർക്കാർ നൽകിയ പരിശ്രമങ്ങളെ ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ അഭിനന്ദിച്ചു. രാജ്യത്തെ സമുദ്രമേഖലയുടെ വികസനത്തിന് സുപ്രധാന നാഴികക്കല്ലായി വിഴിഞ്ഞം തുറമുഖം മാറുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി. രാജ്യത്ത് ലോകോത്തര നിലവാരമുള്ള തുറമുഖങ്ങൾ സൃഷ്ടിക്കുക എന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സ്വപ്നത്തിലേക്കുള്ള മറ്റൊരു ചുവടുവയ്പ്പാണ് വിഴിഞ്ഞം എന്നും അദ്ദേഹം പറഞ്ഞു. തുറമുഖ വകുപ്പ് മന്ത്രി വി എൻ വാസവൻ ചടങ്ങിന് അധ്യക്ഷത വഹിച്ചു. തുറമുഖത്തിൻറെ ട്രയൽ റൺ മൂന്ന് മാസം വരെ തുടരും. സെപ്റ്റംബർ-ഒക്ടോബർ മാസത്തോടെ തുറമുഖം കമ്മീഷൻ ചെയ്യും.

RNUTVPM

ഒരു റിപ്പോർട്ട്....

(ഹോൾഡ്)

## വിഴിഞ്ഞം വോയ്സ്

ലോക വാണിജ്യ ഭൂപടത്തിൽ കേരളത്തിൻറെ സ്ഥാനമുറപ്പിക്കാൻ വിഴിഞ്ഞം തുറമുഖം സഹായിക്കും. പൂർണമായും ട്രാൻസ്ഷിപ്പ്മെൻറിനായി രൂപകൽപ്പന ചെയ്ത രാജ്യത്തെ ആദ്യ തുറമുഖം കൂടിയാണ് വിഴിഞ്ഞം. അന്താരാഷ്ട്ര കപ്പൽ ചാലിൻറെ ഏറ്റവും അടുത്തു സ്ഥിതി ചെയ്യുന്ന വിഴിഞ്ഞം സ്വാഭാവിക ആഴം ഏറ്റവും കൂടുതലുള്ള തുറമുഖം കൂടിയാണ്. 8,867 കോടി രൂപയാണ് തുറമുഖത്തിൻറെ ആകെ മുതൽ മുടക്ക്. ഇതിൽ 5,595 കോടി രൂപ സംസ്ഥാന സർക്കാരും 818 കോടി രൂപ കേന്ദ്ര സർക്കാരുമാണ് വഹിക്കുന്നത്. അദാനി കമ്പനിയാണ് പൊതു സ്വകാര്യ പങ്കാളിത്ത സംരംഭമായ വിഴിഞ്ഞം തുറമുഖത്തിൻറെ നിർമ്മാതാക്കളും നടത്തിപ്പുകാരും. തുറമുഖം പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുന്നതോടെ രാജ്യത്തെ കണ്ടെയ്നർ ബിസിനസ്സിൻറെ കേന്ദ്രമായി കേരളം മാറുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ന്യൂസ് ഡസ്ക്, ആകാശവാണി

RAJUTVPM

******************************

## സാൻഫെർണാണ്ടോ

വിഴിഞ്ഞത്തെത്തിയ മദർഷിപ്പ് സാൻഫെർണാണ്ടോയുടെ ക്യാപ്റ്റൻ വൊളോഡിമിർ ബോണ്ടരൻകോ-യെ മുഖ്യമന്ത്രി പിണറായി വിജയൻ ആദരിച്ചു. 300 മീറ്റർ നീളവും 48 മീറ്റർ വീതിയുമുള്ള കൂറ്റൻ കപ്പലായ സാൻഫെർണാണ്ടോ, 110ലേറെ രാജ്യങ്ങളിൽ കാർഗോ സർവീസ് നടത്തുന്ന ലോകത്തെ രണ്ടാമത്തെ വലിയ കപ്പൽ കമ്പനിയായ മെസ്കിന്റേതാണ്. ജൂൺ 22ന് ഹോങ്കോംഗിൽ നിന്ന് പുറപ്പെട്ട് ചൈനയിലെ ഷാങ്ഹായി, സിയാമെൻ തുറമുഖങ്ങൾ വഴിയാണ് കപ്പൽ

വിഴിഞ്ഞത്തെത്തിയത്. വാട്ടർ സല്യൂട്ട് നൽകിയാണ് സാൻഫെർണാണ്ടോയെ വിഴിഞ്ഞത്തേക്ക് സ്വീകരിച്ചത്. രണ്ടായിരത്തോളം കണ്ടയിനറുകൾ വിഴിഞ്ഞത്ത് ഇറക്കിയ ശേഷം കപ്പൽ കൊളംബോയിലേക്ക് യാത്രയാവും. വിഴിഞ്ഞത്ത് ഇറക്കുന്ന കണ്ടെയ്നറുകൾ ചെറിയ ഫീഡർ കപ്പലുകളിൽ രാജ്യത്തെ മറ്റ് തുറമുഖങ്ങളിലേക്ക് കൊണ്ടുപോവും.

******************************

## എ.ഐ കോൺക്ലേവ് - പി.രാജീവ്

ഇന്ത്യയിലെ ആദ്യത്തെ രാജ്യാന്തര ജനറേറ്റീവ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കോൺക്ലേവിന് കൊച്ചിയിൽ സമാപനമായി. രണ്ടുദിവസമായി നടന്ന കോൺക്ലേവ് വൻ വിജയമാണെന്നും, ഇത് കേരളത്തിന് കൂടുതൽ ആത്മവിശ്വാസം പകർന്നതായും വ്യവസായ മന്ത്രി പി.രാജീവ് പറഞ്ഞു. ലോകത്തെ എല്ലാ മേഖലകളിൽ നിന്നുള്ള എ.ഐ വിദഗ്ധരെയും ഇതിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞതായും മന്ത്രി പറഞ്ഞു. സംസ്ഥാനത്തിൻെറ വ്യവസായ നയത്തിൽ നിർമിത ബുദ്ധി മുൻഗണനാവിഷയമാക്കി സമഗ്ര എ.ഐ നയവും മന്ത്രി പി.രാജീവ് പ്രഖ്യാപിച്ചു.

******************************

## അടിയന്തരാവസ്ഥ

അടിയന്തരാവസ്ഥയുടെ വാർഷികദിനമായ ജൂൺ 25 സംവിധാൻ ഹത്യാ ദിവസായി ആചരിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചു. 1975 ൽ ഇതേ ദിവസമാണ് മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത്. ഭരണഘടനയെ അടിയന്തരാവസ്ഥക്കാലത്ത് എങ്ങനെയാണ് ചവിട്ടിമെതിച്ചതെന്ന ഓർമപ്പെടുത്തലാണ് ദിനാചരണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഭരണകൂടത്തിൻെറ അടിച്ചമർത്തലുകളെ

RNU TVPM

നേരിട്ട്, അടിയന്തരാവസ്ഥയ്ക്കെതിരെ പോരാടിയ ദശലക്ഷക്കണെ-ക്കിനാളുകളെ ആദരിക്കുന്നതിനാണ് ദിനാചരണമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ അറിയിച്ചു

*****************************

## പൊതു ആവശ്യ ഫണ്ട്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൊതു ആവശ്യ ഫണ്ടിലേക്ക് 421 കോടി രൂപ കൂടി ധനവകുപ്പ് അനുവദിച്ചു. ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി ജൂൺ, ജൂലൈ മാസങ്ങളിലെ ഗഡുവായാണ് തുക അനുവദിച്ചത്.

*****************************

## വിസി നിയമനം

കാലിക്കറ്റ് സർവകലാശാലയുടെ പുതിയ വൈസ് ചാൻസലറായി കെമിസ്ട്രി വിഭാഗം പ്രൊഫസർ ഡോ. പി രവീന്ദ്രനെ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ നിയമിച്ചു. ഡോ.എം.കെ ജയരാജ് വി.സി സ്ഥാനത്തുനിന്നും വിരമിക്കുന്ന ഒഴിവിലേക്കാണ് നിയമനം.

RIUTVPM

*****************************

## ഗവർണർ

സർവകലാശാല ക്യാമ്പസുകളിലെ അക്രമസംഭവങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ വൈസ് ചാൻസലർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. എന്നാൽ ക്രമസമാധാനനില പരിപാലിക്കേണ്ടത് സർക്കാരിൻറെയും പൊലീസിൻറെയും ചുമതലയാണെന്നും ഗവർണർ പറഞ്ഞു. പി.എസ്.സി അംഗത്വം സംബന്ധിച്ച വിവാദത്തിൽ തനിക്ക് പരാതി ലഭിച്ചിട്ടില്ലെന്നും, പരാതി ലഭിച്ചാൽ നടപടിയെടുക്കുമെന്നും ഗവർണർ വ്യക്തമാക്കി.

*****************************

## കെ എസ് ഇ ബി

കെ എസ് ഇ ബിയുടെ വൈദ്യുതി ശൃംഖലയുമായി ബന്ധപ്പെട്ട് എന്തെങ്കിലും അപകടസാധ്യത ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കാൻ പൊതുജനങ്ങൾക്ക് അവസരമൊരുക്കി പ്രത്യേക വാട്സാപ് സംവിധാനം നിലവിൽ വന്നു. കെ എസ് ഇ ബിയുടെ എമർജൻസി നമ്പരായ 94 96 01 01 01 ലേക്കാണ് വാട്സാപ് സന്ദേശമയക്കേണ്ടത്.

******************************

## മഴ

ന്യൂനമർദ്ദ പാത്തിയുടെ സ്വാധീനത്താൽ കേരളത്തിൽ അടുത്ത അഞ്ച് ദിവസം ഇടി മിന്നലോട് കൂടിയ വ്യാപക മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം, കണ്ണൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം ഒഴികെ 9 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ചൊവ്വാഴ്ച വരെ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്. കേരള - തമിഴ്നാട് തീരങ്ങളിൽ നാളെ രാത്രി വരെ കടലാക്രമണത്തിനും സാധ്യതയുണ്ട്.

RNUTVPM

******************************

## ആര്യങ്കാവ് - എൻഡിആർഎഫ്

കൊല്ലം ജില്ലയിലെ ദുരന്തസാധ്യതാ മേഖലകളെ വിലയിരുത്തുന്നതിന്റെ ഭാഗമായി, ദേശീയ ദുരന്തപ്രതികരണ സേനാംഗങ്ങൾ ആര്യങ്കാവ് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ സന്ദർശനം നടത്തി. ചെറുതും വലുതുമായ മണ്ണിടിച്ചിലുകൾ സാധാരണയായി ഉണ്ടാകാറുള്ളതിനെത്തുടർന്നാണ് പ്രദേശം എൻഡിആർഎഫ് സംഘം സന്ദർശിച്ചത്.

******************************

## കെസിഎ

ക്രിക്കറ്റ് പരിശീലനത്തിനെത്തുന്ന പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ചെന്ന പരാതിയിൽ കോച്ച് മനുവിനെ സംരക്ഷിക്കില്ലെന്ന് കേരള ക്രിക്കറ്റ് അസോസിയേഷൻ. മനുവിനെതിരായ പരാതിയിൽ വീഴ്ച സംഭവിച്ചതായും അസോസിയേഷൻ പറഞ്ഞു. പരാതിയിൽനിന്ന് പിൻമാറാൻ ഒരു രക്ഷിതാവിനോടും കെസിഎ ആവശ്യപ്പെട്ടിട്ടില്ലെന്നും സംഘടന പ്രസിഡൻറ് ജയേഷ് ജോർജ് തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. മനുവിൻറെ കോച്ചിങ് സർട്ടിഫിക്കറ്റ് റദ്ദാക്കാൻ നിർദേശം നൽകിയെന്നും പുതിയ പരിശീലകർക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കുമെന്നും അദ്ദേഹം അറിയിച്ചു.

PNU TVPM

******************************

## കൊച്ചി മെട്രോ

യു.പി.എസ്.സി പരീക്ഷ കണക്കിലെടുത്ത് കൊച്ചി മെട്രോ ഞായറാഴ്ച അധിക സർവീസുകൾ നടത്തും. ആലുവ, തൃപ്പൂണിത്തുറ ടെർമിനൽ സ്റ്റേഷനുകളിൽ നിന്ന് രാവിലെ ഏഴ് മണി മുതൽ സർവീസ് ആരംഭിക്കുമെന്ന് കൊച്ചി മെട്രോ അറിയിച്ചു.

******************************

## സ്ത്രീ യാത്രകൾ

ടൂറിസം മേഖലകളിലെ പുത്തൻ പ്രവണതകളിലൊന്നായ 'സ്ത്രീ യാത്രകൾ' പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമെന്ന് ടൂറിസം മന്ത്രി പി എ. മുഹമ്മദ് റിയാസ്. സ്ത്രീ സൗഹൃദ ടൂറിസം പദ്ധതിയുടെ ഭാഗമായുള്ള ഡെസ്റ്റിനേഷൻ പ്രമോഷൻ യാത്രയുടെ ഫ്ളാഗ് ഓഫ് നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. അമ്പൂരി, വെള്ളറട

പ്രദേശം, സ്ത്രീ സൗഹൃദ ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിനുള്ള ക്യാമ്പയിന്റെ ഭാഗമായാണ് ആദ്യ യാത്ര സംഘടിപ്പിച്ചത്.

*****************************

## കുറ്റപത്രം

കോഴിക്കോട് പന്തീരാങ്കാവ് ഗാർഹിക അതിക്രമ കേസിൽ അന്വേഷണ സംഘം കോടതിയിൽ കുറ്റപത്രം സമർപ്പിച്ചു. പന്തീരാങ്കാവ് പോലീസ് റജിസ്ട്രർ ചെയ്ത കേസിൽ പ്രത്യേക അന്വേഷണ സംഘമാണ് അന്വേഷണം നടത്തിയത്.

*****************************

## പിഎസ്സി കോഴ

യുവമോർച്ച തിരുവനന്തപുരം ജില്ലാ കമ്മറ്റി നടത്തിയ പി എസ് സി ഓഫീസ് മാർച്ചിൽ സംഘർഷം. പി എസ് സി കോഴ ആരോപണത്തിൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടായിരുന്നു മാർച്ച്. പ്രതിഷേധം കനത്തതോടെ പോലീസ് ജലപീരങ്കി പ്രയോഗിച്ചു.

RNUTVPM

*****************************

## വള്ളസദ്യ

ഇത്തവണത്തെ ആറന്മുള വള്ളസദ്യ, ഉതൃട്ടാതി ജലോത്സവം എന്നിവയുടെ ക്രമീകരണങ്ങൾ വിലയിരുത്തുന്നതിനായി മന്ത്രി വീണാ ജോർജിൻറെ നേതൃത്വത്തിൽ പത്തനംതിട്ട കളക്ടറേറ്റിൽ അവലോകന യോഗം ചേർന്നു. വള്ളസദ്യയുമായി ബന്ധപ്പെട്ട് പാചകത്തൊഴിലാളികൾക്ക് പരിശോധന ഉറപ്പുവരുത്തി ഹെൽത്ത് കാർഡ് നൽകുമെന്ന് മന്ത്രി അറിയിച്ചു. ഈ മാസം 21 നാണ് വള്ളസദ്യ .

*****************************

## ഓഹരി + സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബൈ ഓഹരി സൂചിക സെൻസെക്സ് 622 പോയിൻറ് ഉയർന്ന് 80,519 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 186 പോയിൻറ് ഉയർന്ന് 24,502 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വിലയിൽ വർധന. പവന് 240 രൂപ വർധിച്ച് 54,080 രൂപയും ഗ്രാമിന് 30 രൂപ വർധിച്ച് 6,760 രൂപയുമാണ് ഇന്നത്തെ വില.

*******************************************************************************************************************
********************

RNU TVPM